**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6284** 03.04.2018 -ലെ മറുപടിക്ക്

**<u>പട്ടികജാതി കോളനികളിൽ താമസിക്കുന്നവരുടെ സമഗ്രവികസനം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി കോളനികളിൽ താമസിക്കുന്നവരുടെ സമഗ്ര വികസനത്തിന് വേണ്ടി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും നാൽപ്പതോ, അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന 2 കോളനികളെ വീതം ഒരു നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത് ഓരോ കോളനികളിലും ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തി ടി കോളനികളിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളുമൊരുക്കുകയെന്ന ലക്ഷ്യം മുൻനിർത്തി അംബേദ്കർ ഗ്രാമവികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>അടിസ്ഥാന സൗകര്യ വികസനത്തിലൂടെ കോളനി നിവാസികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനാവുമെന്നു പ്രതീക്ഷിക്കുന്നു. |
| (ബി) | എങ്കിൽ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | | |
| (സി) | ഈ പദ്ധതി മൂലം അവരുടെ ജീവിത നിലവാരം എത്രത്തോളം ഉയർത്താമെന്നാണ് പ്രതീക്ഷിക്കുന്നത്? | | |

സെക്ഷൻ ഓഫീസർ